**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5582** **15-03-2023 - ൽ മറുപടിയ്ക്ക്**

**കോതമംഗലം മണ്ഡലത്തിലെ ചേലാട് അന്താരാഷ്ട്ര സ്റ്റേഡിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ആന്റണി ജോൺ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | കോതമംഗലം മണ്ഡലത്തിലെ ചേലാട് അന്താരാഷ്ട്ര സ്റ്റേഡിയം നിർമ്മാണത്തിന്റെ ഭാഗമായി എന്തെല്ലാം പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും പരിഷ്കരിച്ച ഡി.എസ്.ആർ. പ്രകാരം എത്ര തുകയുടെ പദ്ധതിയാണ് നടപ്പിലാക്കുന്നതെന്നും വിശദമാക്കാമോ; | (എ) | **ചേലാട് സ്റ്റേഡിയം പ്രോജക്ടിൽ പോപ്പ് അപ്പ് സ്പ്രിംഗ്ളർ ഇറിഗേഷൻ സിസ്റ്റത്തോട് കൂടിയ ഫുട്ബോൾ കളിക്കളം (105x 68 മീ), 8 ലെയ്ൻ 400 മീ സിന്തറ്റിക് ട്രാക്ക്, ടോയ്‌ലെറ്റ് ബ്ലോക്ക്, സംപ് & പമ്പ് റൂം, ഇലക്ട്രിക്കൽ, പ്ലംബിംഗ് ജോലികളും പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പരിഷ്കരിച്ച ഡി.എസ്.ആർ പ്രകാരം പദ്ധതിക്ക് 17.14 കോടി രൂപയുടെ സാങ്കേതികാനുമതി നൽകുകയും ആയതിന് കിഫ്ബി അനുമതി ലഭ്യമാക്കുകയും ചെയ്തിട്ടുള്ളതാണ്.** |
| (ബി) | സ്റ്റേഡിയം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (ബി) | **നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനു മുന്നോടിയായി വസ്തുവിന്റെ അതിർത്തി തിരിച്ച് നൽകുന്നതിനായി താലൂക്ക് ഓഫീസിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളതായും, ടി പദ്ധതി സ്ഥലം രേഖകളിൽ പാടം / തണ്ണീർത്തടം എന്നീ തരങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളതായി കാണുന്നതിനാൽ പദ്ധതിഭൂമിയുടെ തരം മാറ്റുന്നതിനോ ഭൂമി നികത്തി പദ്ധതി ആരംഭിക്കുന്നതിനോ വേണ്ട അനുമതികൾ ലഭ്യമാകേണ്ടതുണ്ടെന്നും ഇതിനായുള്ള നടപടികൾ പഞ്ചായത്തിന്റെയും എം.എൽ.എയുടേയും നേതൃത്വത്തിൽ പുരോഗമിക്കുന്നതായും എസ്.പി.വി ആയ കിറ്റ്കോ അറിയിച്ചിട്ടുണ്ട്.<br><br>കൂടാതെ പദ്ധതിക്കായി എസ്.പി.വി ആയ കിറ്റ്കോ ക്ഷണിച്ച റീ ടെണ്ടർ, ടെണ്ടർ അക്സ്പ്റ്റൻസ് കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. രേഖകളുടെ സൂക്ഷ്മ പരിശോധന നടന്നു വരുന്നു. പരിശോധനയ്ക്ക് ആവശ്യമായ അധിക വിവരങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് 22.02.2023 ന് കിറ്റ്കോയ്ക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ടെണ്ടർ അംഗീകരിക്കുന്നതിന് പ്രവൃത്തി നടപ്പിലാക്കുന്നതിനായുള്ള തടസ്സരഹിത** |

| | | | |
|---|---|---|---|
| | | | **ഭൂമി സംബന്ധിച്ച രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ അക്സ്പ്റ്റൻസ് കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നതും പദ്ധതി നടപ്പിലാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്.** |
| (സി) | ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കോൺട്രാക്ടറെ സെലക്ട് ചെയ്തിട്ടുണ്ടെങ്കിലും പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ; | (സി) | **നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനു മുന്നോടിയായി വസ്തുവിന്റെ അതിർത്തി തിരിച്ച് നൽകുന്നതിനായി താലൂക്ക് ഓഫീസിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളതായും, ടി പദ്ധതി സ്ഥലം രേഖകളിൽ പാടം / തണ്ണീർത്തടം എന്നീ തരങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളതായി കാണുന്നതിനാൽ പദ്ധതിഭൂമിയുടെ തരം മാറ്റുന്നതിനോ ഭൂമി നികത്തി പദ്ധതി ആരംഭിക്കുന്നതിനോ വേണ്ട അനുമതികൾ ലഭ്യമാകേണ്ടതുണ്ടെന്നും ഇതിനായുള്ള നടപടികൾ പഞ്ചായത്തിന്റെയും എം.എൽ.എയുടേയും നേതൃത്വത്തിൽ പുരോഗമിക്കുന്നതായും എസ്.പി.വി ആയ കിറ്റ്കോ അറിയിച്ചിട്ടുണ്ട്.**<br><br>**കൂടാതെ പദ്ധതിക്കായി എസ്.പി.വി ആയ കിറ്റ്കോ ക്ഷണിച്ച റീ ടെണ്ടർ, ടെണ്ടർ അക്സ്പ്റ്റൻസ് കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. രേഖകളുടെ സൂക്ഷ്മ പരിശോധന നടന്നു വരുന്നു. പരിശോധനയ്ക്ക് ആവശ്യമായ അധിക വിവരങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് 22.02.2023 ന് കിറ്റ്കോയ്ക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ടെണ്ടർ അംഗീകരിക്കുന്നതിന് പ്രവൃത്തി നടപ്പിലാക്കുന്നതിനായുള്ള തടസ്സരഹിത ഭൂമി സംബന്ധിച്ച രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ അക്സ്പ്റ്റൻസ് കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നതും പദ്ധതി നടപ്പിലാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്.** |
| (ഡി) | നിർമ്മാണപ്രവൃത്തികൾ വേഗത്തിൽ ആരംഭിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) | **നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനു മുന്നോടിയായി വസ്തുവിന്റെ അതിർത്തി തിരിച്ച് നൽകുന്നതിനായി താലൂക്ക് ഓഫീസിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളതായും, ടി പദ്ധതി സ്ഥലം രേഖകളിൽ പാടം / തണ്ണീർത്തടം എന്നീ തരങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളതായി കാണുന്നതിനാൽ പദ്ധതിഭൂമിയുടെ തരം മാറ്റുന്നതിനോ ഭൂമി നികത്തി പദ്ധതി ആരംഭിക്കുന്നതിനോ വേണ്ട അനുമതികൾ ലഭ്യമാകേണ്ടതുണ്ടെന്നും ഇതിനായുള്ള നടപടികൾ പഞ്ചായത്തിന്റെയും എം.എൽ.എയുടേയും നേതൃത്വത്തിൽ പുരോഗമിക്കുന്നതായും എസ്.പി.വി ആയ കിറ്റ്കോ അറിയിച്ചിട്ടുണ്ട്.** |

| | | | |
|---|---|---|---|
| | | | കൂടാതെ പദ്ധതിക്കായി എസ്.പി.വി ആയ കിറ്റ്കോ ക്ഷണിച്ച റീ ടെണ്ടർ, ടെണ്ടർ അക്സ്പ്റ്റൻസ് കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. രേഖകളുടെ സൂക്ഷ്മ പരിശോധന നടന്നു വരുന്നു. പരിശോധനയ്ക്ക് ആവശ്യമായ അധിക വിവരങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് 22.02.2023 ന് കിറ്റ്കോയ്ക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ടെണ്ടർ അംഗീകരിക്കുന്നതിന് പ്രവൃത്തി നടപ്പിലാക്കുന്നതിനായുള്ള തടസ്സരഹിത ഭൂമി സംബന്ധിച്ച രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ അക്സ്പ്റ്റൻസ് കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നതും പദ്ധതി നടപ്പിലാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ